# Mathrubhumi

# 23 August 2018

# Kodamangalam, Kerala Flood 1924



## പാലമറ്റം പറയുന്നു, ഇതിനെക്കാൾ വലുത് 1924-ലേത്

**എ.കെ. ജയപ്രകാശ്**
**കോതമംഗലം**

▸ 1924-ലെ വെള്ളപ്പൊക്കത്തിന്റെ നടുക്കുന്ന ഓർമയുണ്ട് പെരിയാർ തീരത്തെ പാലമറ്റമെന്ന ഗ്രാമത്തിന്. ബ്രിട്ടീഷ് കോളനിവാഴ്ചയുടെ കാലത്ത് ഏഷ്യയിൽത്തന്നെ ആദ്യമായി റബ്ബർ പ്ലാന്റ് ചെയ്ത സ്ഥലമെന്ന ഖ്യാതിയും ഇതിനുണ്ട്. എസ്റ്റേറ്റിന്റെ ഹൃദയഭാഗത്തെ ബ്രിട്ടീഷ് മാതൃകയിലുള്ള ബംഗ്ലാവും ഇതിനോടു ചേർന്നുള്ള പഴയ പോസ്റ്റോഫീസ് കെട്ടിടവും ഇന്നുമുണ്ട്. പോസ്റ്റോഫീസ് ഇപ്പോൾ തോട്ടം സൂപ്രണ്ടിന്റെ താമസ സ്ഥലമാണെന്ന മാറ്റം മാത്രം.

എസ്റ്റേറ്റ് ബംഗ്ലാവിലേക്കുള്ള നടപ്പാത കയറി വലത്തോട്ട് തിരിഞ്ഞാൽ ഇവിടെയെത്താം. വെള്ളപൂശിയ കെട്ടിടത്തിന്റെ മുൻവശത്തെ ഭിത്തിയിൽ ചുവന്ന അക്ഷരത്തിൽ 'ഫ്ലഡ് 1924' എന്ന് അടയാളപ്പെടുത്തിയിരിക്കുന്നു. ഇത്രത്തോളം പെരിയാർ ഒഴുകിയെത്തിയിരുന്നു എന്ന സാരം. പലകുറി ചായം പൂശിയപ്പോഴും വെള്ളപ്പൊക്കത്തിന്റെ അടയാളം മായാതെ സൂക്ഷിച്ചിരിക്കുകയാണ്.

ഇക്കുറിയുണ്ടായ വെള്ളപ്പൊക്കം പ്രധാന ഗേറ്റിൽനിന്ന് 15 മീറ്ററോളമേ എത്തിയുള്ളൂവെന്ന് താമസക്കാരും നാട്ടുകാരനായ വാവച്ചനും പറഞ്ഞു. അക്കാലത്ത് ജനവാസം നാമമാത്രമായിരുന്നതുകൊണ്ട് കെടുതികളും കുറവായിരുന്നു. ഇപ്പോഴത്തെ വെള്ളപ്പൊക്കത്തിൽ വീടുകൾക്കും പുരയിടത്തിനും ഏറെ നാശം ഉണ്ടാക്കിയാണ് വെള്ളം ഇറങ്ങിയത്.

▸ പാലമറ്റത്തെ ബ്രിട്ടീഷ് ഭരണകാലത്തെ പോസ്റ്റോഫീസ് കെട്ടിടത്തിൽ 1924-ലെ വെള്ളപ്പൊക്കം അടയാളപ്പെടുത്തിയതു കാണാം

▸ ഇക്കുറി വെള്ളപ്പൊക്കം എത്തിയ ഭാഗം